## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T 1408 | 31-10-2019 -ൽ മറുപടിക്ക്

### മഴക്കെടുതിയിലും ഉരുൾപ്പൊട്ടലിലും സംഭവിച്ച നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2019 ആഗസ്റ്റിലുണ്ടായ മഴക്കെടുതിയിലും ഉരുൾപ്പൊട്ടലിലുമായി എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചുവെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | 2019-ൽ കേരളത്തിലുണ്ടായ മഴക്കെടുതിയിലും ഉരുൾപ്പൊട്ടലിലുമായി 2101.881 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയതെന്ന് വിശദമാക്കാമോ; | ബി) | 2019 ഓഗസ്റ്റ് മാസത്തിലെ മഴക്കെടുതിയിൽ 97,409 കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിട്ടുള്ളത്. |
| സി) | പ്രസ്തുത പ്രളയം മൂലം എത്ര പേർ മരണപ്പെട്ടുവെന്നും എത്ര പേരെ കാണാതായെന്നും എത്ര വീടുകൾ പൂർണ്ണമായി ഒലിച്ചുപോയെന്നും എത്ര വീടുകൾക്ക് ഭാഗിക നാശനഷ്ടം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ; | സി) | 2019 -ലെ പ്രളയം മൂലം 125 പേർക്ക് ജീവഹാനി സംഭവിക്കുകയും, 17 പേരെ കാണാതാവുകയും, 1967 വീടുകൾ പൂർണ്ണമായും, 19,297 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| ഡി) | ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ദുരിതാശ്വാസ സഹായത്തിനായി ലഭിച്ചു; ഇതിൽ കേന്ദ്രസഹായം എത്രയെന്നും വിദേശസഹായം എത്രയെന്നും വ്യക്തമാക്കുമോ; | ഡി) | 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 01/08/2019 മുതൽ 26/10/2019 വരെ 314.39 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്.<br>2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തിര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ഇ) | ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകിയെന്നും ആയതിന് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | ഇ) | 2019 ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രുവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 1,21,991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുണ്ട്. ഇപ്രകാരം 121.991 കോടി രൂപയാണ് ഇത്തരത്തിൽ ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ